## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 71 — 28-01-2019 -ൽ മറുപടിക്ക്

# പ്രളയ ബാധിതർക്കുള്ള ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | പ്രളയ ബാധിതർക്കുള്ള അടിയന്തര സഹായമായി എത്രപേർക്ക്, എത്ര രൂപ വീതം നൽകിയെന്ന് വ്യക്തമാക്കാമോ; | എ) | പ്രളയദുരന്തബാധിതർക്കുള്ള 10,000/- രൂപയുടെ അടിയന്തിര സഹായം 690706 പേർക്ക് നൽകിയിട്ടുണ്ട്. |
| ബി) | അടിയന്തര സഹായമായ നിശ്ചിത തുകയേക്കാൾ അധികം ആർക്കെങ്കിലും അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) & സി) | പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കോഴഞ്ചേരി, റാന്നി എന്നീ താലൂക്കുകളിലായി 279 പേർക്കും ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ, ചെങ്ങന്നൂർ താലൂക്കുകളിലായി 1070 പേർക്കും എറണാകുളം ജില്ലയിൽ കോതമംഗലം, കൊച്ചി, കണയന്നൂർ, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ, പറവൂർ എന്നീ താലൂക്കുകളിലായി 823 പേർക്കും അധിക തുക നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താലൂക്ക് തിരിച്ചുള്ള വിവരമാണ് ലഭ്യമായിട്ടുള്ളത്. |
| സി) | എങ്കിൽ ഏത് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ എത്രപേർക്കാണ് അധികതുക നൽകിയതെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പിഴവുകൊണ്ടാണോ ഇങ്ങനെ സംഭവിച്ചതെന്ന് വ്യക്തമാക്കാമോ; | ഡി) & ഇ) | സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള സമയക്കുറവും രണ്ടും മൂന്നും അപേക്ഷകൾ സമർപ്പിച്ചിരുന്നത് കാരണവും ഡേറ്റാ എൻട്രിയിൽ വന്ന പിഴവുമൂലവുമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. അധിക തുക കൈപ്പറ്റിയവരിൽ പത്തനംതിട്ട ജില്ലയിൽ 212 പേരിൽ നിന്നും എറണാകുളം ജില്ലയിൽ 823 പേരിൽ നിന്നും ആലപ്പുഴ ജില്ലയിൽ 1061 പേരിൽ |
| ഇ) | എങ്കിൽ കൃത്യവിലോപം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ എടുത്തിട്ടുണ്ടോ എന്നും അധികതുക തിരികെ ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | നിന്നും തുക തിരികെ ലഭിച്ചിട്ടുണ്ട്. മറ്റുള്ളവരിൽ നിന്നുള്ള തുക തിരികെ പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ